പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 704 | 02.12.2015- ൽ മറുപടി നല്കേണ്ടത് |
|---|---|

## എയർ ആംബുലൻസ് സർവ്വീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, എം.വി.ശ്രേയാംസ് കുമാർ**<br>**ഡോ.എൻ. ജയരാജ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ മേഖലയിൽ എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) & ബി) | കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് സേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടത്തുവാനുമായി താല്പര്യമുള്ള വ്യക്തികൾ, കമ്പനികൾ അല്ലെങ്കിൽ കൂട്ടായ്മയിൽ നിന്നും എയർ ആംബുലൻസ് സർവ്വീസ് നടത്തുവാനായി സർക്കാർ നിർദ്ദേശപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13.08.2015 ൽ പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ പങ്കിനെകുറിച്ചുള്ള വിശദ വിവരണം ഉൾപ്പെടെ ആവശ്യപ്പെട്ടുകൊണ്ട് താത്പര്യപത്രം ക്ഷണിക്കുകയും തത്ഫലമായി 7 (ഏഴ്) കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയുമുണ്ടായി. G.O (Rt) No. 3289/2015/ H&FWD dated, 18/10/2015 പ്രകാരം 7(ഏഴ്) അംഗ കമ്മറ്റിയെ ഈ താത്പര്യപത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണയിക്കുവാനുമായി ഉത്തരവായിട്ടുണ്ട്. G.O (MS) No. 251/2015/H&FWD dated 11/11/2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൻപ്രകാരം കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ താത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 02/12/2015 ൽ ചേരുന്നതാണ്. |
| ബി) | മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായിനടപ്പാക്കുന്നതിന് എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ